പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 124

26.09.2016-ൽ മറുപടിയ്ക്ക്.

## നിയമലംഘനം നടത്തുന്ന വാഹനങ്ങൾ

| ചോദ്യം | | തിരുത്തൽ വരുത്തിയ മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിടുന്നത് മൂലം ഗതാഗത തടസ്സം ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ആഭ്യന്തര വകുപ്പിൽ ഇതു സംബന്ധിച്ച് വ്യക്തികളുടെയോ, സംഘടനകളുടെയോ പരാതി ലഭിച്ചിട്ടില്ല. നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ഗതാഗത തടസ്സം ഉണ്ടാകാത്ത വിധം സൂക്ഷിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വാഹനങ്ങൾ സൂക്ഷിക്കുവാനുള്ള യാഡുകൾ തയ്യാറാക്കി പ്രസ്തുത വാഹനങ്ങളെ അവിടേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വാഹനങ്ങൾ സൂക്ഷിക്കുവാനുള്ള യാഡുകൾ തയ്യാറാക്കി പ്രസ്തുത വാഹനങ്ങളെ അവിടേയ്ക്ക് മാറ്റുവാനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വാഹനങ്ങളെ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ കൃത്യമായ വിവരം ലഭ്യമാണോ ; ഇവയെ ലേലം ചെയ്ത വിൽക്കുവാൻ നടപടി സ്വീകരിക്കുമോ : | (സി) | ലഭ്യമാണ്. ഇവയിൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഉടമസ്ഥരില്ലാത്തതുമായ വാഹനങ്ങൾ ( Unclaimed Vehicles) ലേലം ചെയ്തു വിൽക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രധാനപ്പെട്ട നഗരങ്ങളിൽ പോലും ഇത്തരം വാഹനങ്ങൾ സ്റ്റേഷനോടനുബന്ധിച്ച് കൂട്ടിയിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പോലീസ് പിടിച്ചെടുത്തതും, മറ്റ് ഡിപ്പാർട്ടുമെന്റുകൾ പിടിച്ചെടുത്ത് കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനുമായി ഏൽപ്പിച്ചതുമായ വാഹനങ്ങൾ ദീർഘകാലം സൂക്ഷിക്കേണ്ട അവസരത്തിൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും പോലീസ് അധീനതയിലുള്ള സ്ഥലങ്ങളിലും , പോലീസ് സ്റ്റേഷനടുത്തുള്ള പൊതു സ്ഥലങ്ങളിലും , പൊതു ജനങ്ങൾക്കും മറ്റും ശല്യമല്ലാത്ത രീതിയിലും ഗതാഗത തടസ്സം വരാത്ത രീതിയിലുമാണ് സൂക്ഷിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ